LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വായ്പ

105 [1183] ശ്രീ ടി. യു. രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി. മേഴ്സി രവി:
ശ്രീ ലൂഡി ലൂയിസ്

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ ആദ്യ നൂറുദിവസത്തെ പ്രവർത്തന പരിപാടിയിൽ എത്ര കർഷകർക്ക് കാർഷിക വായ്പ കൊടുക്കാനുദ്ദേശിച്ചിരുന്നു ;

(ബി) ഇക്കാലത്ത് എത്ര കർഷകർക്ക് കാർഷിക വായ്പ നൽകി;

(സി) ആകെ എന്ത് തുക ഈ കാലത്ത് കാർഷിക വായ്പയായി നൽകി?

ഉത്തരം

(എ) ഈ മന്ത്രിസഭയുടെ ആദ്യ നൂറുദിവസത്തെ പ്രവർത്തന പരിപാടിയിൽ കാർഷിക വായ്പ കൊടുക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിരുന്നില്ല.

(ബി) കൃഷിവകുപ്പ് നേരിട്ട് കർഷകർക്ക് വായ്പ നൽകുന്നില്ല. വിവിധ ധനകാര്യ സ്ഥാപനങ്ങൾ മുഖേനയാണ് കർഷകർക്ക് വായ്പ അനുവദിക്കുന്നത്. ഇക്കാലത്ത് 99,889 കർഷകർക്ക് സഹകരണസംഘങ്ങൾ/ബാങ്കുകൾ വഴി കാർഷിക വായ്പ നൽകിയിട്ടുണ്ട്.

(സി) ഈ കാലത്ത് സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി 170.75 കോടി രൂപ കാർഷികവായ്പയായി നൽകിയിട്ടുണ്ട്.

കുരുമുളക് സംഭരണം

106 [1184] ശ്രീ സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച കുരുമുളക് സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്നതും കർഷകർക്ക് ഇതുവഴി കാര്യമായ പ്രയോജനം ലഭിച്ചിട്ടില്ലെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭരണം പ്രഖ്യാപിച്ച കാലത്തെ വിലയും ഇപ്പോഴത്തെ വിലയും സർക്കാർ നിശ്ചയിച്ച സംഭരണ വിലയും എത്രയാണ്;

(സി) ഏതൊക്കെ ഏജൻസികളെയാണ് കുരുമുളക് സംഭരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി എത്ര രൂപ അനുവദിച്ചു;

(ഡി) നാളിതുവരെ എത്ര കർഷകരിൽ നിന്ന് എത്ര കിലോ കുരുമുളക് സംഭരിച്ചു എന്നും എത്ര രൂപ വിലയായി നൽകി എന്നും അറിയിക്കുമോ?